**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **21-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) | നിലവിൽ 8 **മാവേലി സ്റ്റോറു**കൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>**1.** കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്- കാരക്കോണം മാവേലി സ്റ്റോർ<br><br>**2.**കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്- കുറുവാട് മാവേലി സ്റ്റോർ<br><br>**3.**അമ്പൂരി ഗ്രാമ പഞ്ചായത്ത് – അമ്പൂരി മാവേലി സ്റ്റോർ<br><br>**4.**പാറശ്ശാല ഗ്രാമ പഞ്ചായത്ത് – പാറശ്ശാല മാവേലി സ്റ്റോർ<br><br>**5.** വെള്ളറട ഗ്രാമ പഞ്ചായത്ത് - വെള്ളറട മാവേലി സ്റ്റോർ<br><br>**6.**കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് – കള്ളിക്കാട് മാവേലി സ്റ്റോർ<br><br>**7.** ഒറ്റശേഖരമംഗലം ഗ്രാമ പഞ്ചായത്ത് – പൂഴനാട് മാവേലി സ്റ്റോർ<br><br>**8.** കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് – കൊല്ലയിൽ മാവേലി സ്റ്റോർ |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്‌ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അമ്പൂരി ഗ്രാമ പഞ്ചായത്തിൽ കുടപ്പനമൂട് എന്ന സ്ഥലത്ത് ഒരു സൂപ്പർ മാർക്കറ്റ് അനുവദിക്കുന്നതിനായുള്ള നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; | (സി) | കൊല്ലയിൽ, കാരക്കോണം, പാറശ്ശാല, വെള്ളറട എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | | നിലവിൽ പാറശ്ശാല മണ്ഡലത്തിൽ താഴെ പറയുന്ന 2 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1.ആര്യൻകോട് ഗ്രാമ പഞ്ചായത്ത് – ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ്<br><br>2.പെരുങ്കടവിള ഗ്രാമ പഞ്ചായത്ത് – മാരായമുട്ടം സൂപ്പർ മാർക്കറ്റ്<br><br>പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി മാനദണ്ഡങ്ങൾ പ്രകാരം സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ് എന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | സപ്ലൈകോ വിൽപ്പനശാലകൾ വഴി റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി 13 ഇനം അവശ്യസാധനങ്ങളുടെ പട്ടികയും അവയുടെ നിലവിലെ വിൽപ്പന വിലയും ഒരു റേഷൻ കാർഡിന് പ്രതിമാസം അനുവദനീയമായ പരമാവധി അളവും അനുബന്ധം ആയി ചേർക്കുന്നു.<br><br>പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ നല്ലയിനം അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലൈകോ മുഖേന ശബരി കെ- റൈസ് എന്ന ബ്രാൻഡിലാണ് സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, മട്ട അരി എന്നിവ വിതരണം ചെയ്യുന്നത്.<br><br>ശബരി കെ- റൈസ് വിൽപ്പന വിലകൾ ചുവടെ ചേർക്കുന്നു.<br><br>ശബരി കെ-റൈസ് (ജയ അരി) കിലോഗ്രാമിന് – 29 രൂപ<br><br>ശബരി കെ- റൈസ് (കുറുവ അരി) കിലോഗ്രാമിന് – 30 രൂപ<br><br>ശബരി കെ- റൈസ് (മട്ട അരി) കിലോഗ്രാമിന് – 30 രൂപ<br><br>നിലവിൽ റേഷൻകാർഡ് ഒന്നിന് പ്രതിമാസം 5 കിലോഗ്രാം വീതമാണ് ശബരി കെ-റൈസ് വിതരണം ചെയ്യുന്നത്. കൂടാതെ ലഭ്യതയ്ക്ക് അനുസരിച്ച് കാർഡൊന്നിന് 5 കി.ഗ്രാം പച്ചരിയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ഇനം | സബ്സിഡി വില്പ്പന വില ( May 2024) (ജി.എസ്.റ്റി. പുറമേ) രൂപ | സബ്സിഡി നിരക്കിൽ ഒരു റേഷൻ കാർഡിന് പ്രതിമാസം നല്കാവുന്ന പരമാവധി അളവ് |
|---|---|---|---|
| 1 | ചെറുപയർ ( 1 കി.ഗ്രാം ) | 92 | 1 കിലോ ഗ്രാം |
| 2 | ഉഴുന്ന് ബോൾ ( 1 കി.ഗ്രാം ) | 95 | 1 കിലോ ഗ്രാം |
| 3 | വൻകടല ( 1 കി.ഗ്രാം ) | 69 | 1 കിലോ ഗ്രാം |
| 4 | വൻപയർ( 1 കി.ഗ്രാം ) | 75 | 1 കിലോ ഗ്രാം |
| 5 | തുവരപ്പരിപ്പ് (1 കി.ഗ്രാം) | 111 | 1 കിലോ ഗ്രാം |
| 6 | മുളക് ( 500 ഗ്രാം ) | 75 | 500 ഗ്രാം |
| 7 | മല്ലി ( 500 ഗ്രാം ) | 39 | 500 ഗ്രാം |
| 8 | പഞ്ചസാര ( 1 കി.ഗ്രാം ) | 27 | 1 കിലോ ഗ്രാം |
| 9 | വെളിച്ചെണ്ണ ( 500 മില്ലി ലിറ്റർ ) | 55 | 500 മില്ലി ലിറ്റർ |
| 10 | ജയ അരി ( 1 കി.ഗ്രാം ) | 29 | എല്ലാ അരി ഇനങ്ങളും കൂടി പരമാവധി 10 കിലോ ഗ്രാം |
| 11 | കുറുവ അരി ( 1 കി.ഗ്രാം ) | 30 | |
| 12 | മട്ട അരി ( 1 കി.ഗ്രാം ) | 30 | |
| 13 | പച്ചരി ( 1 കി.ഗ്രാം ) | 26 | |
| നിയമാനുസൃത നികുതി ഈടാക്കുന്നതാണ്. കൂടാതെ പായ്ക്ക് ചെയ്തു നല്കുന്നവയ്ക്ക് പായ്ക്കിംഗ് ചാർജ്ജും ഈടാക്കുന്നതാണ്. | | | |